**പ്രത്യേക പരാമർശം**

<u>സുവർണ്ണചകോരം അവാർഡ് നേടിയ ഒറ്റാലിന്റെ സംവിധായകൻ ജയരാജിന് അഭിനന്ദനം</u>

<u>മി. സ്പീക്കർ</u>: കേരളത്തിന്റെ ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ സുവർണ്ണചകോരമുൾപ്പെടെ നാല് അവാർഡുകൾ നേടിയ ഒറ്റാലിന്റെ സംവിധായകൻ ജയരാജിനെയും അദ്ദേഹത്തോടൊപ്പം പ്രവർത്തിച്ച എല്ലാ കലാ സാങ്കേതിക വിദഗ്ദ്ധരെയും കേരള നിയമസഭ അഭിനന്ദിക്കുന്നു. മലയാള സിനിമയുടെ ചരിത്രത്തിലാദ്യമായാണ് അന്താരാഷ്ട്ര ചലച്ചിത്രോത്സവത്തിൽ മലയാള സിനിമയ്ക്ക് സുവർണ്ണ മയൂരം ലഭിക്കുന്നത്. സുവർണ്ണ മയൂരം കൂടാതെ ചലച്ചിത്ര നിരൂപകരുടെ രാജ്യാന്തര സംഘടനയായ 'ഫിപ്രസി'-യുടെ മികച്ച ചിത്രത്തിനുള്ള അവാർഡ്, പ്രേക്ഷകർ തെരഞ്ഞെടുത്ത മികച്ച ചിത്രത്തിനുള്ള അവാർഡ്, ഏഷ്യൻ സിനിമകൾക്ക് നൽകുന്ന 'നെറ്റ്പാക്ക്' അവാർഡ് എന്നിവയും ഒറ്റാലിനാണ് ലഭിച്ചത്.

(അവാർഡ് ലഭിച്ച സിനിമ കാണുന്നതിന് അവസരമുണ്ടാക്കണമെന്ന് നിയമസഭാംഗങ്ങൾ ആവശ്യപ്പെട്ടു)

മി. സ്പീക്കർ: ബഹുമാനപ്പെട്ട നിയമസഭാംഗങ്ങൾക്ക് സിനിമ കാണുന്നതിനുള്ള അവസരമുണ്ടാക്കാം.

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ബഹുമാനപ്പെട്ട സ്പീക്കർ നൽകിയ അഭിനന്ദനത്തിന് ഞാൻ നന്ദി അറിയിക്കുകയാണ്. ഇരുപതാമത് അന്താരാഷ്ട്ര ചലച്ചിത്രോത്സവം വളരെ ഭംഗിയായി നിറവേറ്റാൻ സഹായിച്ച കേരളത്തിലെ ജനങ്ങളെയും നിയമസഭയിലെ വിവിധ തലങ്ങളിലുള്ള പ്രതിനിധികളെയും നന്ദി അറിയിക്കുകയാണ്. അതുപോലെ ശ്രീ. ജയരാജ് സംവിധാനം ചെയ്ത ഒറ്റാൽ എന്ന സിനിമ ബഹുമാനപ്പെട്ട നിയമസഭാംഗങ്ങളെ കാണിക്കുന്നതിനായി അങ്ങ് നിർദ്ദേശം നൽകിയാൽ സിനിമ കാണിക്കാൻ കഴിയുന്നതാണ് എന്ന് ഓർമ്മിപ്പിക്കുന്നു.

മി. സ്പീക്കർ: നിയമസഭാംഗങ്ങൾ സിനിമ കാണുന്നതിൽ ചെയറിന് താല്പര്യമേയുള്ളൂ. ഇനിയുള്ള മൂന്ന് ദിവസത്തെ ബിസിനസും വളരെ കൂടുതലാണെന്ന കാര്യം എല്ലാവർക്കുമറിയാം. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും ഏതെങ്കിലുമൊരു ദിവസം നിർദ്ദേശിച്ചാൽ മതി.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): സർ, സിനിമ കാണുന്നതിന് ഞാൻ

തടസ്സം നിൽക്കുന്നില്ല. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് സമയമുണ്ടെങ്കിൽ ഞാൻ അതിനോട് യോജിക്കുകയാണ്.

മി. സ്പീക്കർ: ബുധനാഴ്ച നിയമസഭ പിരിഞ്ഞതിനുശേഷം സിനിമ പ്രദർശിപ്പിക്കാൻ കഴിയുമോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സഭയുടെ അഭിപ്രായമനുസരിച്ച് എങ്ങനെവേണമെങ്കിലും ചെയ്യാം. ഡേറ്റ് ഫിക്സ് ചെയ്യുന്ന കാര്യം അവരുമായി സംസാരിച്ചതിനുശേഷം അങ്ങയെ അറിയിക്കാം.